<u>കോട്ടയം ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ നടപടിക്രമം</u>

(ഹാജർ:രാജീവ് ജി)

നമ്പർ: ബി4/8472/1992 തീയതി:29-06-2018

വിഷയം:-വ്യവസായം- അടിസ്ഥാന സൗകര്യ വികസനം - ഡി.പി പൂവൻതുരുത്ത് - മെ. ഗ്രാന്റ് പിഗ്മെന്റ്സ് സ്ഥലവും സ്ഥാപനവും മെ. താഴത്തേതിൽ റബ്ബേഴ്സിന് - കൈമാറി ഉത്തരവ് പുറപ്പെടുവിക്കുന്നത് - സംബന്ധിച്ച്.

സൂചന:- 1) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ 169/69/വ്യവ.തീയതി 05-04-1969.

2) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 297/1970/വ്യവ. തീയതി 24-08-1970.

3) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 60/2013/വ്യവ. തീയതി 10-06-2013

4) സർക്കാർ ഉത്തരവ് ( എം.എസ്) നമ്പർ: 110/2013/വ്യവ. തീയതി 13-09-2013.

5) ഈ ഓഫീസിലെ 02-01-93 ലെ ബി1/8472/92 നമ്പർ ഉത്തരവ്.

6) ഈ ഓഫീസിലെ 24-01-11 ലെ ബി4/8472/92 നമ്പർ ഉത്തരവ്

7) ശ്രീ. ബെന്നി ഏബ്രഹാം, ശ്രീമതി ടെൻസി ബെന്നി, ചെറുശ്ശേരിക്കളം, നിലംപേരൂർ പി.ഒ എന്നിവരുടെ 04-08-2017 ലെ അപേക്ഷ.

8) ശ്രീ.ജയ്മോൻ റ്റി മാത്യു, താഴത്തേതിൽ, കുറിച്ചി പി.ഒ 24-08-17 ൽ സമർപ്പിച്ച അപേക്ഷ.

9) സർക്കാർ ഉത്തരവ് ( ആർ.റ്റി) നമ്പർ : 732/2017/വ്യവ. തീയതി 25-05-2017

10) 05-10-2017 ൽ നടന്ന DILAC യുടെ നടപടിക്രമം.

11) ഈ ആഫീസിലെ 28-11-2017 ലെ ഇതേ നമ്പർ കത്ത്.

12) വ്യവസായ വാണിജ്യ ഡയറക്ടറുടെ 14-05-18 ലെ ഐ. ഡി5/1127/2013-ാം നമ്പർ സർക്കുലർ.

13) വ്യവസായ വാണിജ്യ ഡയറക്ടറുടെ 19-05-18 ലെ ഐ. ഡി2/7586/2018-ാം നമ്പർ കത്ത്.

സൂചന (5) പ്രകാരം കോട്ടയം ജില്ലയിൽ പനച്ചിക്കാട് വില്ലേജിൽ പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/3 ൽ ഉൾപെട്ട 10 സെന്റ് സ്ഥലം ശ്രീമതി കുഞ്ഞുമോൾ മാത്യു, അയ്യനാട്ട്, കുമാരനല്ലൂർ പി.ഒ കോട്ടയം എന്നയാൾക്ക് റബ്ബർ മോൾഡഡ് ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനായി മെ. മെൽബിൻ എന്റർപ്രൈസസ് എന്ന പേരിൽ ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം അനുവദിച്ചിരുന്നു. പിന്നീട് വ്യവസായ വാണിജ്യ ഡയറക്ടറുടെ 06-01-2011 ലെ ഐ.ഡി5/23439/2010 നമ്പർ നിർദ്ദേശ പ്രകാരം, ടി സ്ഥലവും സ്ഥാപനവും ശ്രീ. ബെന്നി ഏബ്രഹാം, ശ്രീമതി ടെൻസി ബെന്നി, ചെറുശ്ശേരിക്കളം, നീലംപേരൂർ പി.ഒ എന്നിവരുടെ പേരിൽ ലെഡ് നിർമ്മാണത്തിനായി മെ. ഗ്രാന്റ് പിഗ്മെന്റ്സ് എന്ന പേരിൽ സൂചന (6) പ്രകാരം റീ- അലോട്ട് ചെയ്ത് ഉത്തരവ് നൽകുകയും നിബന്ധനപ്രകാരമുള്ള ഹയർ പർച്ചേസ് എഗ്രിമെന്റ് എക്സിക്യൂട്ട് ചെയ്യുകയും ചെയ്തു.

ടി സ്ഥാപനം പ്രവർത്തിച്ചു വരവെ മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നും പ്രവർത്തനാനുമതി പുതുക്കി ലഭിക്കുവാൻ സാദ്ധ്യതയില്ലാതെ വന്നതിനെതുടർന്ന് സൂചന (7) പ്രകാരം , ടി സ്ഥലവും സ്ഥാപനവും ശ്രീ. ജയ്മോൻ റ്റി മാത്യു, താഴത്തേതിൽ, കുറിച്ചി പി.ഒ, കോട്ടയം എന്ന സംരംഭകന് സകലവിധ ആസ്തി ബാദ്ധ്യതകളോടും കൂടി കൈമാറി നൽകുന്നതിന് സൂചന 7 പ്രകാരം അപേക്ഷിക്കുകയും , സൂചന (8) പ്രകാരം, ശ്രീ.ജയ്മോൻ റ്റി മാത്യു ടി സ്ഥലവും കെട്ടിടവും ഏറ്റെടുത്ത് മെ. താഴത്തേതിൽ റബ്ബേഴ്സ് എന്ന പേരിൽ റബ്ബർ മാറ്റ് നിർമ്മാണം നടത്തുന്നതിന് സന്നദ്ധമാണെന്ന് അറിയിക്കുകയും ചെയ്തു. ശ്രീ. ബെന്നി എബ്രഹാം, നിബന്ധനകൾ പ്രകാരം ടി സ്ഥലവും സംരംഭവും കൈ മാറുന്നതിന് ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. അഫിഡാവിറ്റ്, അണ്ടർടേക്കിംഗ്, എം.ഒ.യു എന്നിവ നോട്ടറൈസ് ചെയ്ത് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മെ. ഗ്രാന്റ് പിഗ്മെന്റ്സ് എന്ന സംരംഭത്തിന്റെ പേരിൽ ധനകാര്യ സ്ഥാപനങ്ങളിലോ/ സർക്കാർ ഏജൻസികളിലോ ബാദ്ധ്യതകൾ നിലവിൽ ഇല്ലാത്തതുമാണ്. സ്ഥാപനത്തിന്റെ പേരിൽ റവന്യു റിക്കവറി നടപടികൾ ഇല്ലായെന്ന് ബന്ധപ്പെട്ട റവന്യു അധികാരികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സ്ഥലവിലയിനത്തിൽ 01-04-2018 ലെ സ്ഥലവില പ്രകാരമുള്ള വ്യതിയാനമായിട്ടുള്ള തുക സർക്കാരിലേക്ക് അടച്ചുതീർത്തിട്ടുണ്ട്. കൂടാതെ സ്ഥലവിലയുടെ 10 % തുക പ്രോസസിംഗ് ഫീസായും അടച്ചിട്ടുണ്ട്.

അപേക്ഷയും അനുബന്ധരേഖകളും സൂചന (10) പ്രകാരം നടന്ന ജില്ലാതല ലാന്റ് അലോട്ട്മെന്റ് കമ്മിറ്റി പരിശോധിക്കുകയും ടി സ്ഥലവും സ്ഥാപനവും ശ്രീ.ജയ്മോൻ റ്റി മാത്യു പേർക്ക് കൈമാറി ഉത്തരവാകുന്നതിന് വ്യവസായ വാണിജ്യ ഡയറക്ടർക്ക് സൂചന (11) പ്രകാരം ശുപാർശ ചെയ്യുകയും ചെയ്തിരുന്നു. സൂചന (12) പ്രകാരം ഡി.എ/ഡി.പി കളിലെ അസൈൻമെന്റ് ലഭിക്കാത്ത ഭൂമി സംബന്ധിച്ച കൈമാറ്റം/മാനേജ്മെന്റ് മാറ്റം തുടങ്ങിയവയ്ക്ക് അംഗീകാരം നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർക്ക് ചുമതല നൽകിയിട്ടുണ്ട്.

മേൽ സാഹചര്യങ്ങൾ പരിഗണിച്ച് താഴെ പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

കോട്ടയം ജില്ലയിൽ, പനച്ചിക്കാട് വില്ലേജിൽ, പൂവൻതുരുത്ത് വ്യവസായ വികസന പ്ലോട്ടിൽ സർവ്വേ നമ്പർ 473/3 ൽ ഉൾപ്പെട്ടതും ശ്രീമതി കുഞ്ഞുമോൾ മാത്യു, അയ്യനാട്ട്, കുമാരനല്ലൂർ എന്നിവരുടെ പേർക്കും തുടർന്ന് ശ്രീ. ബെന്നി എബ്രഹാം, ടി ഭാര്യ ശ്രീമതി ടെൻസി ബെന്നി, ചെറുശ്ശേരിക്കളം, നീലംപേരൂർ പി.ഒ എന്നിവരുടെ പേർക്കും അലോട്ട് ചെയ്യുകയും ചെയ്ത മെ. ഗ്രാന്റ് പിഗ്മെന്റ്സ് ( പ്ലോട്ട് നമ്പർ : 196) എന്ന സംരംഭത്തിന്റെ പേരിൽ ഉണ്ടായിരുന്ന 10 സെന്റ് സ്ഥലവും ടി സംരംഭവും ശ്രീ.ജയ്മോൻ റ്റി മാത്യു, താഴത്തേതിൽ, കുറിച്ചി പി.ഒ എന്ന സംരംഭകന് സൂചനയിൽ പരാമർശിക്കുന്ന സർക്കാർ ഉത്തരവുകളിലെ നിബന്ധനകൾ പ്രകാരം ഹയർ പർച്ചേസ് വ്യവസ്ഥ പ്രകാരം മെ. താഴത്തേതിൽ റബ്ബേഴ്സ് എന്ന റബ്ബർ മാറ്റ് നിർമ്മാണ സംരംഭത്തിനായി റീ-അലോട്ട് ചെയ്ത് താഴെ പറയുന്ന വ്യവസ്ഥകളോടെ ഉത്തരവാകുന്നു.

1) അടുത്ത 5 വർഷക്കാലത്തിനുള്ളിൽ സ്ഥാപനത്തിന്റെ പേര്/ ആക്ടിവിറ്റി/ മാനേജ്മെന്റ് എന്നിവയിൽ മാറ്റത്തിനായി അപേക്ഷിക്കുന്നതല്ല എന്ന സത്യവാങ്മൂലം നോട്ടറി സാക്ഷ്യപ്പെടുത്തി സമർപ്പിക്കണം.
2) പുതിയ ഹയർ പർച്ചേസ് എഗ്രിമെന്റ് സർക്കാരുമായി ഒപ്പിട്ട് സമർപ്പിക്കണം.
3) ആറുമാസത്തിനകം മെ. താഴത്തേതിൽ റബ്ബേഴ്സ് പ്രവർത്തനം ആരംഭിക്കേണ്ടതാണ്.
4) നിയമപരമായിട്ടുള്ള നോ-ഒബ്ജക്ഷൻ സർട്ടിഫിക്കറ്റുകൾ ബന്ധപ്പെട്ട ഏജൻസികളിൽ നിന്നും കരസ്ഥമാക്കി സ്ഥാപനത്തിൽ സൂക്ഷിക്കേണ്ടതാണ്.
5) എല്ലാ സാമ്പത്തിക വർഷത്തിലും സ്ഥാപനത്തിന്റെ ആഡിറ്റഡ് ബാലൻസ്ഷീറ്റ് / ലാഭനഷ്ടക്കണക്ക് സ്റ്റേറ്റ്മെന്റ് എന്നിവ സമർപ്പിക്കേണ്ടതാണ്.
6) എഗ്രിമെന്റ് 15 ദിവസത്തിനകം സർക്കാരുമായി ഒപ്പിട്ടുസമർപ്പിക്കേണ്ടതാണ്.

ലാന്റ് അലോട്ട്മെന്റ് രേഖകളിൽ ആവശ്യമായ ഭേദഗതികൾ ഇപ്രകാരം വരുത്തുന്നതാണ്.

**ഒപ്പ്/-**
**ജനറൽ മാനേജർ**

സ്വീകർത്താവ്:-

1) ശ്രീ. ജയ്മോൻ റ്റി മാത്യു, താഴത്തേതിൽ, കുറിച്ചി പി.ഒ, കോട്ടയം.
2) ശ്രീ. ബെന്നി ഏബ്രഹാം, ചെറുശ്ശേരിക്കളം, നീലംപേരൂർ പി.ഒ.,ആലപ്പുഴ

പകർപ്പ്:-

1) വ്യവസായ വാണിജ്യ ഡയറക്ടർ, തിരുവനന്തപുരം ( ആമുഖകത്ത് സഹിതം)
2) ജനറൽ മാനേജരുടെ സി.എ
3) മാനേജർ ( ക്രഡിറ്റ്)
4) മാനേജർ ( ആർ.ഇ.റ്റി) - വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിന്
5) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ - II
6) അസിസ്റ്റന്റ് ജില്ലാ വ്യവസായ ഓഫീസർ, കോട്ടയം
7) വ്യവസായ വികസന ഓഫീസർ, പള്ളം
8) സ്റ്റോക്ക് ഫയൽ / സ്പെയർ

**ഉത്തരവിൻ പ്രകാരം**

**മാനേജർ (ക്രഡിറ്റ്)**

APR 30-06-18